നമ്പർ. 5809/D/2020/KSHO

തീയതി: 28.12.2020

**സർക്കുലർ**

വിഷയം:- പ്രധാന മന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവത്കരണ പദ്ധതി നടത്തിപ്പ് (PM Formalisation of Micro Food Processing Enterprises Scheme- PM FME Scheme) -വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന :- 1. പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ (KBIP) ഡയറക്ടറുമായി 2-12-2020-ൽ നടത്തിയ ചർച്ച
2.04-12-2020 ലെ ഗ്രാമ വികസന മന്ത്രാലയത്തിന്റെ S-11057/07/2016/NRLM(SVEP)(346777) നമ്പർ കത്ത്

രജിസ്റ്റർ ചെയ്യപ്പെടാത്തതും അനൗപചാരികവുമായ അനേകം സംരഭങ്ങൾ ഭക്ഷ്യ സംസ്കരണ മേഖലയിൽ ഉണ്ടെന്നും ഇവയിൽ കൂടുതലും സൂക്ഷ്മ സംരഭ വിഭാഗത്തിൽപെടുന്നവയാണെന്നുമുള്ള കണ്ടെത്തിലിൽ നിന്നാണ് "ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി"(PMFME) വിഭാവനം ചെയ്തിരിക്കുന്നത് . ഭക്ഷ്യ സംസ്കരണ മേഖലയിലുള്ള ഇത്തരം ചെറുകിട സംരഭങ്ങൾക്ക് മുതൽ മുടക്കിനുള്ള പണം കണ്ടെത്താൻ കഴിയാതിരിക്കുക , ഭക്ഷ്യ സുരക്ഷാ നിയന്ത്രണ സംവിധാനത്തെ കുറിച്ചുള്ള അറിവില്ലായ്മ , ബ്രാൻഡ് ചെയ്യുന്നതിനും വിപണനത്തിനുമുള്ള വൈദഗ്ധ്യത്തിന്റെ അഭാവം തുടങ്ങിയ അനേകം വെല്ലുവിളികൾ നേരിടേണ്ടി വരാറുണ്ട് . ഇത്തരത്തിലുള്ള സംരംഭങ്ങളെ കണ്ടെത്തി അവയെ നവീകരിക്കുന്നതിനും ഔപചാരികമാക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം .

PMFME യുടെ **പ്രധാന ഘടകങ്ങൾ**

- വ്യക്തിഗത ഗ്രൂപ്പ്സൂക്ഷ്മ സംരംഭങ്ങൾക്കുള്ള സീഡ് ഫണ്ട്
- ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന ഗ്രാന്റ്
- പൊതു അടിസ്ഥാന സൗകര്യങ്ങൾക്കുള്ള സഹായം
- ബ്രാൻഡിങ്ങിനും വിപണനത്തിനുമുള്ള പിന്തുണ

**പദ്ധതി നടപ്പാക്കൽ**

മേൽ പറഞ്ഞിരിക്കുന്ന ഘടകങ്ങളിൽ നിന്നും വ്യക്തിഗത /ഗ്രൂപ്പ് സൂക്ഷ്മ സംരംഭങ്ങൾക്കുള്ള സീഡ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമമാണ് ആദ്യ ഘട്ടത്തിൽ നടപ്പിലാക്കേണ്ടത് . **നഗരങ്ങളിൽ ദേശീയ നഗര ഉപജീവന മിഷന്റെ നേതൃത്വത്തിലും , ഗ്രാമീണ മേഖലയിൽ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നേതൃത്വത്തിലും ഈ പദ്ധതി നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ നിലവിൽ ഗ്രാമീണ മേഖലയിലെ മാത്രം ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പ ആവശ്യമുള്ള സാരഭങ്ങളെ കണ്ടെത്തിയാൽ മതിയാകും .**

ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരഭങ്ങൾക്ക് മൂലധന നിക്ഷേപത്തിനായോ, പണിയായുധങ്ങൾ വാങ്ങുന്നതിനോ ഒരു അംഗത്തിന് പരമാവധി 40000 രൂപ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന്

ആവശ്യമായ ഫണ്ട് അതാത് സി ഡി എസ്സിൽ സി ഈ എഫ് രൂപത്തിൽ ലഭ്യമാക്കും .

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഭക്ഷ്യ സംസ്ക്കരണ മേഖലയിലുള്ള സംരംഭങ്ങളിൽ നിന്ന് നിർദ്ദിഷ്ട മാതൃകയിലെ അപേക്ഷ സ്വീകരിക്കേണ്ടതുണ്ട് (മാതൃക ഉള്ളടക്കം ചെയ്യുന്നു ) . ഇതിനായി പദ്ധതിയെ സംബന്ധിച്ചും അപേക്ഷയിൽ പൂരിപ്പിക്കേണ്ട വിവരങ്ങളെ സംബന്ധിച്ചുമുള്ള അവബോധം ബ്ലോക്ക് കോർഡിനേറ്റർക്കും അതാത് സി ഡി എസിനും നൽകേണ്ടതാണ് . ഇത്തരം സംരംഭങ്ങളെ കണ്ടെത്തുന്നതിനും വിവര ശേഖരണത്തി നുമായി MEC സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ് . MEC, സംരംഭങ്ങളെ സന്ദർശിച്ച് അപേക്ഷ പൂരിപ്പിച്ചു വാങ്ങുകയും അതാത് അയൽക്കൂട്ടങ്ങളുടെയും എ ഡി എസിന്റെയും ശുപാർശയോടുകൂടി അപേക്ഷ സി ഡി എസിൽ എത്തിക്കുകയും ചെയ്യേണ്ടതാണ് . സി ഡി സ് അപേക്ഷ പരിശോധിച്ച് പ്രസ്തുത സംരംഭത്തിന് അനുവദിക്കാവുന്ന പരമാവധി വായ്പ തുക തുക കൂടി ഉൾപ്പെടുത്തി ആർ പി യെ വായ്പ അപേക്ഷ തിരിച്ചേൽപ്പിക്കാവുന്നതാണ് . ഇത് കൂടാതെപദ്ധതി നടത്തിപ്പിന്റെ ഭാഗമായി എൻ ആർ എൽ എം പോർട്ടലിൽ എം ഐ സ് ബ്ലോക്ക് കോർഡിനേറ്ററുടെ ലോഗിനിൽ അപേക്ഷ നളതീകരിക്കുന്നതിനായി ഒരു വെബ് പേജുമുണ്ട് എം ഐ എസ് ബ്ലോക്ക് കോർഡിനേറ്ററുടെ ടീമിന്റെ സഹായത്തോടെ പ്രസ്തുത അപേക്ഷ നളതീകരിക്കുന്നതിനായി MEC മാർക്ക് പരിശീലനം നൽകാവുന്നതാണ് .എം ഐ എസ് ബ്ലോക്ക് കോർഡിനേറ്ററിനു ആവശ്യമായ പരിശീലനം കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് ലഭ്യമാക്കും. ഇത്തരത്തിൽ MEC സംവിധാനം ഉപയോഗിച്ച് ഒരു അപേക്ഷ പൂരിപ്പിച്ച് വെബ് പോർട്ടലിൽ നളതീകരിക്കുന്നതിനു ഒരു അപേക്ഷ ഫോമിന് 50 രൂപ എന്ന നിരക്കിൽ അനുവദിക്കാവുന്നതാണ് . ഈ തുക എൻ ആർ എൽ എം ഫണ്ടിലെ ME19 എന്ന ശീർഷകത്തിൽനിന്നു വിനിയോഗിക്കാവുന്നതാണ് . വെബ് പേജിൽ ഡിജിറ്റൈസ് ചെയ്തിട്ടുള്ള ഡാറ്റ സംസ്ഥാന മിഷൻ പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം ഈ തുക MECമാർക്ക് നൽകിയാൽ മതിയാകും

**പ്രത്യക ശ്രദ്ധക്ക്**

- ഭക്ഷ്യ സംസ്കരണമായതിനാൽ ഹോട്ടൽ , കാന്റീൻ എന്നിവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയില്ല.
- സംരഭ ഫോട്ടോ ആർ പി അവരവരുടെ മൊബൈലിൽ പകർത്തിയാൽ മതിയാകും . ( അതായത് സോഫ്റ്റ് കോപ്പി ശേഖരിച്ചാൽ മതിയാകും. സംരംഭകരെ ഇതിനായി ബുദ്ധിമുട്ടിക്കേണ്ടതില്ല )
- എൻ ആർ എൽ എം സോഫ്റ്റ്വെയിൽ ഡാറ്റ നളതീകരണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ സമയ ബന്ധിതമായി പരിഹരിക്കുന്നതിന് എം ഐ എസ് ടീമിന്റെ സഹായം തേടാവുന്നതാണ്

- നൽകിയിട്ടുള്ള ഡാറ്റ ശരിയാണെന്നു ബോധ്യപ്പെടുന്നതിനു PMFME പദ്ധതിയുടെ സംസ്ഥാന തല നോഡൽ ഏജൻസിയായ കേരളം ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ നിന്ന് ഫീൽഡ് വെരിഫിക്കേഷൻ ഉണ്ടാകും . ആയതിനാൽ ശരിയായ സംരഭകരെ കണ്ടെത്തുന്നതിൽ യാതൊരു വിധ വീഴ്ച്ചയും സംഭവിക്കാൻ പാടുള്ളതല്ല .

## അപേക്ഷ ഫോം

സംരംഭത്തെ സംബന്ധിച്ചുള്ള വിവരത്തിനായി എലാവരും പൊതുവായ ഒരു അപേക്ഷ ഫോം ( അനുബന്ധം ഡി ) പൂരിപ്പിച്ചാൽ മതിയാകും എന്നാൽ സംരഭനടത്തിപ്പിനെ സംബന്ധിച്ച അപേക്ഷ ഫോം മൂന്നു തരത്തിൽ ലഭ്യമാണ് . വ്യക്തിഗതം ( അനുബന്ധം എ ) ,ഗ്രൂപ്പ് സംരഭത്തിന്റെ നടത്തിപ്പ്

ഒരു അയൽക്കൂട്ടത്തിലെ അംഗങ്ങൾ മാത്രം ചേർന്നുള്ളതാണെങ്കിൽ( അനുബന്ധം ബി ), സൂക്ഷ്മ സംരഭ ഗ്രൂപ്പ് ( ഒന്നിൽ കൂടുതൽ അയൽക്കൂട്ടത്തിലെ അംഗങ്ങൾ)-( അനുബന്ധം സി ) . അതായത് സംരഭ ഒരു വ്യക്തിയുടേതാണെങ്കിൽ അനുബന്ധം എ യും അനുബന്ധം ഡി യും ഒരു പ്രസ്തുത സംരഭത്തിൽ നിന്ന് പൂരിപ്പിച്ച് വാങ്ങേണ്ടതാണ് , എന്നാൽ ഒരേ അയൽക്കൂട്ടത്തിലെ അംഗങ്ങൾ ഉൾപ്പെട്ട ഗ്രൂപ്പ് സംരഭമാണെങ്കിൽ അനുബന്ധം ബിയും അനുബന്ധം ഡി യും, പല അയൽക്കൂട്ടത്തിലെ അംഗങ്ങൾ ചേർന്ന ഗ്രൂപ്പ് സംരഭത്തിന് അനുബന്ധം സി യും അനുബന്ധം ഡിയും പൂരിപ്പിച്ച് വാങ്ങേണ്ടതാണ് അംഗങ്ങൾ പല അയൽക്കൂട്ട അംഗങ്ങൾ ആയുള്ള ഗ്രൂപ്പ് സംരഭത്തിന്സി ഡി എസിന്റെ അംഗീകാരം മാത്രം മതിയാകും അയൽക്കൂട്ട എ ഡി എസ് ശുപാർശ ആവശ്യമില്ല .

**പദ്ധതി നടപ്പിലാക്കേണ്ട സമയക്രമം**

| **പ്രവർത്തനങ്ങൾ** | **പൂർത്തീകരിക്കേണ്ട തീയതി** |
|---|---|
| PMFME പദ്ധതിയെ കുറിച്ചും അപേക്ഷാഫോമുകൾ പൂരിപ്പിക്കുന്നത് സംബന്ധിച്ചുള്ള സംസ്ഥാനതല ഓറിയന്റേഷൻ പരിശീലനം | 1-1-2021 |
| ബ്ലോക്ക് കോഓർഡിനേറ്റർ, സി ഡി എസ് പ്രതിനിധികൾ എന്നിവർക്കുള്ള ജില്ലാതല പരിശീലനം | 8/01/2021 |
| MECക്കുള്ള പരിശീലനം | 15/1/2021 |
| വിവര ശേഖരണം നടത്തി ഡാറ്റ നളതീകരണം പൂർത്തിയാക്കൽ | 31-1-2021 |

S.Harikishore IAS
എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ മിഷൻ കോർഡിനേറ്റർമാരും

The document is digitally approved. Hence signature is not needed.

അനുബന്ധം A

# PMFME പദ്ധതി

## വ്യക്തിഗത സംരംഭകയുടെ അപേക്ഷ

<table>
<tr><td>സംരംഭകയുടെ പേര്</td><td colspan="2"></td></tr>
<tr><td>സംരംഭത്തിന്റെ പേര്</td><td colspan="2"></td></tr>
<tr><td>മേൽവിലാസം</td><td colspan="2"></td></tr>
<tr><td>ഫോൺ നമ്പർ</td><td colspan="2"></td></tr>
<tr><td>ഉത്പന്നം</td><td colspan="2"></td></tr>
<tr><td>അയൽക്കൂട്ടത്തിന്റെ പേര്</td><td colspan="2"></td></tr>
<tr><td>എ ഡി എസ്</td><td colspan="2"></td></tr>
<tr><td>സി ഡി എസ്</td><td colspan="2"></td></tr>
<tr><td>ബ്ലോക്ക്</td><td colspan="2"></td></tr>
<tr><td>ജില്ല</td><td colspan="2"></td></tr>
<tr><td rowspan="4">സംരംഭകയുടെ ബാങ്ക് അക്കൗണ്ട് നമ്പർ</td><td>അക്കൗണ്ട് നമ്പർ</td><td></td></tr>
<tr><td>ബാങ്ക്</td><td></td></tr>
<tr><td>ശാഖ</td><td></td></tr>
<tr><td>IFSC</td><td></td></tr>
</table>

അനുബന്ധം B

## PMFME പദ്ധതി

### ഒരു അയൽക്കൂട്ടം ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭം ആരഭിച്ചിട്ടുണ്ടെങ്കിൽ നൽകേണ്ട അപേക്ഷ

| | | |
|---|---|---|
| സംരംഭത്തിന്റെ പേര് | | |
| മേൽവിലാസം | | |
| ഉത്പന്നം | | |
| അയൽക്കൂട്ടത്തിന്റെ പേര് | | |
| എ ഡി എസ് | | |
| സി ഡി എസ് | | |
| ബ്ലോക്ക് | | |
| ജില്ല | | |
| അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങളും സംരഭത്തിലും അംഗങ്ങളാണോ? | | |
| അല്ലെങ്കിൽ സംരംഭത്തിൽ അംഗങ്ങളായവരുടെ പേര് | 1.<br>2.<br>3. | 4. |
| സംരഭ ഭാരവാഹി/ ലീഡറിന്റെ പേര് | | |
| ഫോൺ നമ്പർ | | |
| സംരംഭ ബാങ്ക് അക്കൗണ്ട് നമ്പർ | അക്കൗണ്ട് നമ്പർ | |
| | ബാങ്ക് | |
| | ശാഖ | |
| | IFSC | |

അനുബന്ധം C

PMFME പദ്ധതി
ഭക്ഷ്യ സംസ്കരണ മേഖലയിലെ ഗ്രൂപ്പ് സംരംഭം ( അംഗങ്ങൾ വ്യത്യസ്ത അയൽക്കൂട്ടങ്ങളിൽ ഉള്ളവരാണെങ്കിൽ)

| | | |
|---|---|---|
| സംരംഭത്തിന്റെ പേര് | | |
| മേൽവിലാസം | | |
| ഫോൺ നമ്പർ | | |
| ഉത്പന്നം | | |
| എ ഡി എസ് | | |
| സി ഡി എസ് | | |
| ബ്ലോക്ക് | | |
| ജില്ല | | |
| സംരംഭ ബാങ്ക് അക്കൗണ്ട് നമ്പർ | അക്കൗണ്ട് നമ്പർ | |
| | ബാങ്ക് | |
| | ശാഖ | |
| | IFSC | |

സംരഭത്തിലെ അംഗങ്ങളുടെ കൂടുതൽ വിവരങ്ങൾ

| സി ഡി എസ് | എ ഡി എസ് | അയൽക്കൂട്ടം | സംരഭക |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |

അനുബന്ധം D

# PMFME പദ്ധതി

## സംരംഭത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ

<table>
<tr><td></td><td colspan="2"></td></tr>
<tr><td>സംരംഭം ആരംഭിച്ച വർഷം (MM/YYYY)</td><td colspan="2"></td></tr>
<tr><td>പ്രവർത്തന രീതി</td><td colspan="2">1. സീസണൽ<br>2. വർഷം മുഴുവനും</td></tr>
<tr><td>സീസണലാണെങ്കിൽ ഒരു വർഷം എത്ര മാസം പ്രവർത്തിക്കും</td><td colspan="2"></td></tr>
<tr><td rowspan="2">എത്ര പേർ ജോലി ചെയ്യുന്നു ( കുടുംബാംഗങ്ങൾ ഉൾപ്പടെ )</td><td>ഫുൾ ടൈം</td><td>പാർട്ട് ടൈം</td></tr>
<tr><td></td><td></td></tr>
<tr><td>ഉത്പന്നം</td><td colspan="2">• ബേക്കറി<br>• കശുവണ്ടി സംബന്ധിച്ച<br>• കന്നുകാലി /കോഴി തീറ്റ<br>• ധാന്യങ്ങൾ /പയറുവർഗ്ഗങ്ങൾ സംബന്ധിച്ച<br>• സിട്രസ് ( ഓറഞ്ച്, നാരങ്ങാ തുടങ്ങിയ) സംബന്ധിച്ച്<br>• തേങ്ങ / തേങ്ങാ കൊണ്ടുള്ള മറ്റു ഉത്പന്നങ്ങൾ<br>• മത്സ്യവും അതോനോടനുബന്ധിച്ചുള്ള മറ്റു ഉത്പന്നങ്ങളും<br>• പഴവർഗ്ഗങ്ങൾ അടിസ്ഥാനമാക്കിയുള്ള ഉത്പന്നങ്ങൾ<br>• കപ്പലണ്ടി അടിസ്ഥാനമാക്കിക്കിയുള്ള</td></tr>
</table>

| | |
|---|---|
| | ഉത്പന്നങ്ങൾ<br>• ഔഷധ സസ്യങ്ങൾ/ അവ ഉൾപ്പെടുന്ന മറ്റു ഉത്പന്നങ്ങൾ<br>• മാംസം<br>• അരി/ മറ്റു ധാന്യങ്ങൾ അതുകൊണ്ടുള്ള മറ്റു ഉത്പന്നങ്ങൾ<br>• റെഡി ടു കുക്ക്<br>• റെഡി ടു ഈറ്റ്<br>• സുഗന്ധ ദ്രവ്യങ്ങളും അതുകൊണ്ടുള്ള മറ്റു ഉത്പന്നങ്ങൾ(മുളക് പൊടി, മല്ലി പൊടി, മഞ്ഞൾ പൊടി തുടങ്ങിയ എല്ലാ കറി കൂട്ടുകളും ഇതിൽ ഉൾപ്പെടുത്താവുന്നതാണ് )<br>• കിഴങ്ങു വർഗ്ഗങ്ങളിൽ അധിഷ്ഠിതമായ ഉത്പന്നങ്ങൾ<br>• പച്ചക്കറി ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ<br>• മറ്റുള്ളവ |
| അന്തിമ ഉത്പന്നത്തെ സംബന്ധിച്ച വിശദാംശം (ഉദാഹരണം ഗോതമ്പ് ബ്രെഡ് അച്ചാർ എന്നിങ്ങനെ) | |
| അസംസ്കൃത വസ്തുക്കളുടെ ലഭ്യത (അനുയോജ്യമായത് ടിക്ക് ചെയ്യുക) | • പഞ്ചായത്തിൽ നിന്ന്<br>• ബ്ലോക്കിൽ നിന്ന്<br>• ജില്ലയിൽ നിന്ന്<br>• ജില്ലക്ക് പുറത്ത്<br>• സംസ്ഥാനത്തു നിന്ന്<br>• മറ്റെന്തെങ്കിലും (വ്യക്തമാക്കുക) |
| കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഏകദേശ വിറ്റുവരവ് (തുക രൂപയിൽ) | |

| | | |
|---|---|---|
| സംരംഭം സ്വന്തം വീട്ടിലാണോ പ്രവർത്തിക്കുന്നത് | അതെ | അല്ല |
| വൈദ്യുതി ഉപയോഗിച്ചുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ടോ | ഉണ്ട് | ഇല്ല |
| ഉത്പന്നം വിൽക്കുന്ന സ്ഥലം | ജില്ലക്കുള്ളിൽ | ജില്ലക്ക് പുറത്ത് |
| GST റെജിസ്ട്രേഷൻ ഉണ്ടോ | ഉണ്ട് | ഇല്ല |
| ഉണ്ടെങ്കിൽ എന്നുവരെ വാലിഡ് ആണ് | DD/MM/YYYY | |
| GST റെജിസ്ട്രേഷൻ/ ലൈസൻസ് നമ്പർ ( പകർപ്പ് ഉള്ളടക്കം ചെയ്യുക ) | | |
| FSSAI റെജിസ്ട്രേഷൻ ഉണ്ടോ | | |
| ഉണ്ടെങ്കിൽ നമ്പർ | | |
| സംരഭത്തിനായി വേണ്ടി വന്ന ആകെ മുതൽ മുടക്ക് ( തുക രൂപയിൽ ) | | |
| ഇതിനായി ഏതെങ്കിലും വായ്പ എടുത്തിട്ടുണ്ടോ | ഉണ്ട് | ഇല്ല |
| ഉണ്ടെങ്കിൽ എത്ര രൂപ? ( തുക രൂപയിൽ ) | | |
| എവിടെ നിന്ന് ( ഒന്നിൽ കൂടുതൽ ഓപ്ഷൻ തിരഞ്ഞെടുക്കാവുന്നതാണ് . കൂടാതെ ഓരോ സ്ഥലത്തുനിന്നും എത്ര രൂപ വായ്പ എടുത്തു എന്നുകൂടി ഉൾപ്പെടുത്തണം ) | **സ്ഥലം** | **തുക ( രൂപയിൽ )** |
| | അയൽക്കൂട്ടം | |
| | ബാങ്ക് | |
| | വ്യക്തിഗത പലിശക്കാർ | |
| | ബന്ധു/ വീട്ടുകാർ | |
| | മറ്റുള്ളവ | |
| ഭാഗം 2 | | |

| | |
|---|---|
| ഭക്ഷ്യ സംസ്ക്കരണത്തിനായി പുതുതായി ഏതെങ്കിലും യന്ത്രങ്ങളോ/ പണിയായുധങ്ങളോ ആവശ്യമുണ്ടോ | |
| ഉണ്ടെങ്കിൽ എന്ത് ( അനുയോജ്യമായവ തിരഞ്ഞെടുക്കാവുന്നതാണ്. ഒന്നിൽ കൂടുതൽ വേണമെങ്കിലും ആകാം ) | |
| വാങ്ങേണ്ടി വരുന്ന പണിയായുധങ്ങൾക്ക് വേണ്ടിവരുന്ന ആകെ തുക (രൂപയിൽ ) | |
| മുതൽ മുടക്കിനായി എത്ര തുക ഇനിയും ആവശ്യമുണ്ട് (രൂപയിൽ ) | |
| ആകെ ആവശ്യമായ തുക | |
| ഭക്ഷ്യ സംസ്കരണ യൂണിറ്റിന്റെ ഫോട്ടോ (സോഫ്റ്റ് കോപ്പി നൽകേണ്ടതാണ് ) | |

**സത്യപ്രസ്താവന**

അപേക്ഷയിൽ പൂരിപ്പിച്ചിരിക്കുന്ന എല്ലാ വിവരങ്ങളും ശരിയാണെന്നും സീഡ് ക്യാപിറ്റലായി ലഭ്യമാകുന്ന തുക സംരംഭ വികസനത്തിന്റെ മുതൽമുടക്കിനും പണിയായുധങ്ങൾ വാങ്ങുന്നതിനും മാത്രമേ ഉപയോഗിക്കുകയുള്ളുവെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു

സംരംഭകയുടെ/ സംരംഭ ഭാരവാഹി/ ലീഡറിന്റെ ഒപ്പ്

**അയൽക്കൂട്ട/എ ഡി എസ് ശുപാർശ**

……………….. ( സംരംഭകയുടെ/ സംരംഭത്തിന്റെ/ അയൽക്കൂട്ടത്തിന്റെ പേര്) …………….
സംരംഭത്തിനു വായ്പ അനുവദിക്കാവുന്നതാണ്

അയൽക്കൂട്ട പ്രസിഡന്റ് /സെക്രട്ടറിയുടെ ഒപ്പ്

എ ഡി എസ് ഭാരവാഹിയുടെ ഒപ്പ്

**സി ഡി എസ് അംഗീകാരം**

……………….. ( സംരഭകയുടെ/ സംരഭത്തിന്റെ/ അയൽക്കൂട്ടത്തിന്റെ പേര്) …………….
സംരഭത്തിനു ….. രൂപ വായ്പയായി  അനുവദിക്കാവുന്നതാണ്

**സി ഡി  എസ് ചെയർപേഴ്സൺ                    മെമ്പർ സെക്രട്ടറി**